പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 935 — 20.03.2012-ൽ മറുപടിയ്ക്ക്

മലയാളം ഒന്നാം ഭാഷയാക്കിക്കൊണ്ടുള്ള ഉത്തരവ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ഇ. കെ. വിജയൻ | ശ്രീ. അബ്ദു റബ്ബ്<br>(ബഹു. വിദ്യാഭ്യാസ വകുപ്പു മന്ത്രി ) |
| (എ) മലയാളം ഒന്നാം ഭാഷയാക്കി സർക്കാർ ഉത്തരവിറക്കിയിട്ടും പല സ്ക്കൂളുകളിലും അത് നടപ്പിലാക്കിയിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) 01.09.11 -ലെ സ:ഉ (പി) നം:183/11/പൊ.വി. പ്രകാരം സംസ്ഥാനത്തെ എല്ലാ സ്ക്കൂളുകളിലും മലയാളം നിർബന്ധ ഭാഷയാക്കി ഉത്തരവ് നൽകിയിട്ടുള്ളതും പ്രസ്തുത ഉത്തരവിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് എല്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും പൊതു വിദ്യാഭ്യാസ ഡയറക്ടർ കർശന നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |

(ബി) പ്രസ്തുത ഉത്തരവ് നടപ്പിലാക്കുന്നതിൽ എന്തെങ്കിലും പ്രായോഗിക ബുദ്ധിമുട്ടുകൾ നിലവിലുണ്ടോ ;

(സി) എങ്കിൽ അവ എന്തൊക്കെയാ - ണെന്നും അത് പരിഹരിക്കാനുള്ള മാർഗ്ഗങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ ;

(ഡി) ഉത്തരവ് അടിയന്തിരമായി നടപ്പിലാക്കാനുള്ള നടപടി സ്വീകരിക്കുമോ ?

(ബി), (സി) & (ഡി)

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ വിദ്യാലയങ്ങളുടെ മേലും സർക്കാരിന് നിലവിൽ നിയന്ത്രണമില്ല. എന്നാൽ കേന്ദ്ര വിദ്യാഭ്യാസ അവകാശ സംരക്ഷണ നിയമപ്രകാരം സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ വിദ്യാലയങ്ങൾക്കും സംസ്ഥാന സർക്കാരിന്റെ അംഗീകാര സർട്ടിഫിക്കറ്റ് നിർബന്ധമാണ്. മലയാള ഭാഷ നിർബന്ധമായി പഠിപ്പിക്കണമെന്ന വ്യവസ്ഥയ്ക്ക് വിധേയമായി മാത്രമേ സർക്കാർ അംഗീകാര സർട്ടിഫിക്കറ്റ് നൽകൂ എന്ന് ഇതിനകം തന്നെ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മലയാളം മാതൃഭാഷയല്ലാത്ത കുട്ടികൾക്കും മറ്റു സംസ്ഥാനങ്ങളിൽ നിന്നും പഠിക്കുന്ന കുട്ടികൾക്കും പ്രത്യേകമായി പാഠപുസ്തകങ്ങൾ തയ്യാറാക്കേണ്ട - താണ്. പ്രത്യേക പാഠപുസ്തകങ്ങൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

സെക്ഷൻ ഓഫീസർ